ഗ്രൂപ്പ് നമ്പർ 1

05 AUG 2015

കേരള സർക്കാർ

സാമൂഹ്യനീതി

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം (എ) വകുപ്പ്

നമ്പർ സാമൂഹ്യനീതി, 1251/2015/പട്ടികജാതി തിരുവനന്തപുരം, തീയതി 03.08.2015

വായനാദിനം- 11 പട്ടികജാതി വിദ്യാർത്ഥി വികസന വകുപ്പ് ഡയറക്ടർ തുടങ്ങിയ 20/05/2015-ലെ എസ്.ഡബ്ല്യു.എ 1-22504/14-നമ്പർ കത്ത്.

22.06.2015 ലെ വകുപ്പു തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ 10-ാം നമ്പർ അജണ്ട

ഉത്തരവ്

2015-16 അദ്ധ്യയനവർഷം വിവിധ മെഡിക്കൽ കോളേജുകളിൽ പഠനം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റോടു കൂടി ഹൗസ് സർജൻസി ചെയ്യുന്നതിനായി 12,06,400/- (പന്ത്രണ്ട് ലക്ഷത്തി ആറായിരത്തി നാനൂറ് രൂപ മാത്രം) രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (1) പ്രകാരം പട്ടികജാതി വികസന ഡയറക്ടർ സമർപ്പിച്ചിരുന്നു.

22.06.2015 - ൽ നടന്ന വകുപ്പു തല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രപ്പോസൽ പരിശോധിക്കുകയും വിശദമായ ഉത്തരവിനുശേഷം തീരുമാനമെടുത്ത് നൽകാൻ ശുപാർശ ചെയ്തിട്ടുണ്ട്.

22/06/2015-ലെ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം സർക്കാരിനെ അറിയിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2015-16 അദ്ധ്യയനവർഷം വിവിധ മെഡിക്കൽ കോളേജുകളിൽ ഇന്റേൺഷിപ്പ് ചെയ്യുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് വിതരണം ചെയ്യുന്നതിന് ആകെ 12,06,400/- രൂപ (പന്ത്രണ്ട് ലക്ഷത്തി ആറായിരത്തി നാനൂറ് രൂപ മാത്രം) അനുവദിക്കുന്നതിനായി താഴെ കാണുന്ന നിബന്ധനകൾക്ക് വിധേയമായി 2225-01-277-57 പദ്ധതികേതരത്തിൽ നിന്നും തുക ചിലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി ആവശ്യമായതുക ഇത് സ്കീമിലേക്ക് ഓരോ ജില്ലയിലും നൽകേണ്ടതാണ്.

(2) ഓരോ മെഡിക്കൽ കോളേജിലെയും ആവശ്യമായ തുക ബന്ധപ്പെട്ട ഓഫീസർമാർ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(3) ഹൗസ് സർജൻസി ചെയ്യുന്നതിനായി വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സ്റ്റൈപന്റിനേക്കാൾ കുറവായതിനാൽ പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേകമായി 5800/- രൂപ വീതം അനുവദിച്ച് നൽകുന്നതാണ്.

(4) പദ്ധതിയിൽ കീഴിൽ ഒരു വിദ്യാർത്ഥിക്ക് ഒരു പ്രാവശ്യം മാത്രമേ ധനസഹായം അനുവദിക്കുകയുള്ളൂ.

(5) സ്റ്റൈപന്റായി ലഭിച്ച തുക (പരമാവധി രൂപ 58800) പ്രസ്തുത വിദ്യാർത്ഥിയുടെ പഠനം തടസ്സപ്പെടുത്തുകയോ നിർത്തുകയോ ചെയ്താൽ ലഭിച്ച തുക തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(6) [illegible]

(7) [illegible]

ഗവർണ്ണറുടെ ഉത്തരവാദിത്വപ്രകാരം,
എസ്. യു. രാജീവ്,
ജോയിന്റ് സെക്രട്ടറി.

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ), കേരള, തിരുവനന്തപുരം.
ചീഫ് വികേന്ദ്രീകൃത ആസൂത്രണ വിഭാഗം,സംസ്ഥാന പ്ലാനിംഗ് ബോർഡ് ,തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (ഡെവൽപ്മെന്റ് വിഭാഗം)
ഇൻസ്പെക്ഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, IEPRD.
പട്ടികജാതി പട്ടിക വർഗ്ഗ വികസന(ബി)വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിനുപ്രകാരം,

സെക്ഷൻ ഓഫീസർ